## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7332 — 14.07.2014-ലെ മറുപടിക്ക്

### ക്ഷീരകർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ: | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി) |
| (എ) ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവയുടെ വിശദാംശങ്ങളടങ്ങിയ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ ലഭ്യമാക്കമോ ; | (എ) ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കമോ ? | (ബി) ക്ഷീരവികസന വകുപ്പ്, മിൽമയുടെ മേഖലാ യൂണിയനുകൾ, കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് എന്നിവ വഴി നൽകിവരുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം I, അനുബന്ധംII, അനുബന്ധംIII എന്നീ ക്രമത്തിൽ ചേർത്തിരിക്കുന്നു. മിൽമ 2014 ഫെബ്രുവരി മുതൽ 50 കിലോയുടെ കാലിത്തീറ്റ ചാക്ക് ഒന്നിന് 35/- രൂപ നിരക്കിൽ ഡിസ്കൗണ്ട് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

## SUBSIDY DETAILS OF VARIOUS SCHEMES UNDER DAIRY DEVELOPMENT DEPARTMENT.

### FODDER CULTIVATION PRGRAMME

| SL NO. | PROJECT NAME | UNIT SUBSIDY Maximum(RS) |
|---|---|---|
| 1 | Fodder cultivation -20 cents & above (Ha) | 20000 |
| 2 | Fodder cultivation- below 20 cent (Ha) | 7500 |
| 4 | Assistance for Azolla cultivation | 500 |
| 8 | Mechanization& Modernization of fodder cultivation | 10000 |
| 9 | Assistance to Purchase preserved Dry fodder/fodder grains by DCS | 10000 |
| 11 | Irrigation Assistance | 10000 |
| 13 | Seasonal crops for fodder production ( seed cost ) | Supplying seed free of cost |
| 14 | Massive fodder cultivation- Koyippuram model | 35000 |
| 16 | Fodder cultivation and marketing by women groups | 75000 |

### MILKSHED DEVELOPMENT PROGRAMME

| Sl. No. | PROJECT NAME | Unit Subsidy (maximum) Rs. |
|---|---|---|
| 1 | Godhanam(Single Cow) | 30000 |
| | 2 Cow Unit | 50000 |
| | 5 Cow Unit | 110000 |
| | 10 Cow Unit | 232000 |
| 2 | 5 Heifer unit | 90500 |
| | 10 Heifer unit | 181200 |
| 3 | Need Based Assistance to Progressive Dairy farmers | 50000 |
| 4 | Assistance for purchase of Milking Machines | 25000 |
| 5 | Construction of cattle shed | 50000 |

### CATTLE FEED SUBSIDY

Subsidy @Rs.1/ per litre of milk to all farmers who have poured milk in the Dairy Co-operative society.

അനുബന്ധം - II

## മിൽമയുടെ മേഖലായൂണിയനുകൾ മുഖേന നല്കുന്ന സബ്സിഡികളും ആനുകൂല്യങ്ങളും

### തിരുവനന്തപുരം മേഖലാ യൂണിയൻ നടപ്പിലാക്കിയത്

1. മിനി ഡയറി പദ്ധതി
2. കിടാരി വളർത്തൽ പദ്ധതി
3. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി
4. കാലിത്തീറ്റ സബ്സിഡി
5. പശുക്കളെ വാങ്ങിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്
6. മൃഗചികിത്സാ സഹായം
7. കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ്
8. ഉൽപാദന വർദ്ധനവിനു വേണ്ട വിരമരുന്നും മറ്റു ഉൽപന്നങ്ങളും നൽകുക
9. കറവയന്ത്രം, മാറ്റ്, ഇലക്ട്രോണിക് മിൽക്ക് ടെസ്റ്റർ, പാൽ സംഭരിക്കുന്നതിന് പാൽ പാത്രങ്ങൾ നൽകുക.
10. അന്യസംസ്ഥാനങ്ങളിൽ നിന്നും ഉരുക്കളെ കൊണ്ടു വരുന്നതിനുള്ള കടത്തുകൂലി
11. കുളമ്പുരോഗം മൂലം പശുക്കൾ ചത്തു പോയ കർഷകർക്ക് 10000 രൂപ വീതവും കിടാരിക്ക് 2000 രൂപ വീതവും കന്നുകുട്ടിക്ക് 1000 രൂപ വീതവും നഷ്ടപരിഹാരം നൽകുകയുണ്ടായി.
12. മഴക്കാലകെടുതിയിൽ പശുക്കൾ ചത്തു പോയ കർഷകർക്ക് 5000 രൂപ വീതവും കിടാരിക്ക് 2000 രൂപ വീതവും കന്നുകുട്ടിക്ക് 1000 രൂപ വീതവും നഷ്ടപരിഹാരം നൽകുകയുണ്ടായി
13. ആം ആദ്മി ബീമാ യോജന പദ്ധതി

### എറണാകുളം മേഖലാ യൂണിയൻ നടപ്പിലാക്കിയത്

1. വേനൽക്കാല അധികവില
2. പശുക്കളെ വാങ്ങുന്നതിനുള്ള ലോണിന് പലിശ സബ്സിഡി
3. സബ്സിഡി നിരക്കിൽ വയ്ക്കോൽ വിതരണം
4. തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം
5. കന്നുകാലി ഇൻഷുറൻസ് സബ്സിഡി
6. കിടാരി വളർത്തലിന് 50% നിരക്കിൽ കാലിത്തീറ്റ
7. ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി
8. പട്ടികജാതി വനിതകൾക്ക് കിടാരി വളർത്തൽ യൂണിറ്റ്
9. കർഷകർക്ക് പാൽ പാത്രങ്ങളും ക്ലീനിംഗിനുമുള്ള രാസവസ്തുക്കളും നൽകുക
10. സംഘങ്ങൾക്ക് പാൽക്യാനുകളും ടെസ്റ്റിംഗ് ഉപകരണങ്ങളും നൽകുക
11. സംഘങ്ങൾക്ക് ഇൻസെന്റീവ്
12. സംഘങ്ങൾക്ക് ക്യാനുകൾ,സെൻട്രിഫ്യൂജ് എന്നിവ വാങ്ങുന്നതിന് സബ്സിഡി
13. കർഷകർക്കും സംഘം ജീവനക്കാർക്കും പരിശീലന പരിപാടികൾ
14. കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം

### മലബാർ മേഖലാ യൂണിയൻ നടപ്പിലാക്കിയത്

1. കിടാരികളുടെ ദത്തെടുക്കൽ പദ്ധതി
2. ഉല്പാദന വർദ്ധനവിനുവേണ്ട വിരമരുന്നും മറ്റു ഉല്പന്നങ്ങളും നൽകുക
3. പട്ടികജാതി വനിതകൾക്കായുള്ള കിടാരി വളർത്തൽ യൂണിറ്റ്
4. മിനി ഡയറി യൂണിറ്റുകൾക്ക് ഫാം സപ്പോർട്ട് പദ്ധതി
5. ബദൽ തീറ്റ വസ്തുക്കളുടെ വിതരണം
6. ബയോഗ്യാസ് പ്ലാന്റ്നിർമ്മാണ സബ്സിഡി
7. പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് പശുക്കളെയും കിടാരികളെയും ദത്തെടുക്കൽ പദ്ധതി

ഇതു കൂടാതെ നാഷണൽ ഡയറി പ്ലാൻ-1 പ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം (RBP), Village Based Milk Procurement System (VBMPS) എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു

സെക്ഷൻ ഓഫീസർ

# കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പ്രതിമാസം 500/- രൂപ നിരക്കിൽ പെൻഷൻ, പെൻഷണർ മരണപ്പെട്ടാൽ നോമിനിയ്ക്ക് 150/- രൂപ നിരക്കിൽ കുടുംബപെൻഷൻ, അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 1000/- രൂപ, അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് 10-ാം ക്ലാസ്സ്, +2, ബിരുദം, പ്രൊഫഷണൽ ബിരുദം എന്നീ ക്ലാസ്സുകളിൽ യഥാക്രമം 1000,1500,2000,2500/- രൂപ വീതം ധനസഹായം, അംഗങ്ങൾ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങുകൾക്കായി 1000/- രൂപയും, ജില്ലാ തലത്തിൽ മികച്ച ക്ഷീരകർഷകന് 2000/- രൂപയും ധനസഹായമായി നൽകി വരുന്നുണ്ട്. കൂടാതെ അംഗങ്ങൾക്ക് ക്ഷീരസുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി അപകടമരണത്തിന് 50,000/- രൂപയും, അപകട ചികിത്സാധനസഹായമായി 10,000/- രൂപയും, മാരകരോഗങ്ങൾക്കുള്ള ചികിത്സാധനസഹായമായി 15,000/- രൂപയും, പകർച്ചവ്യാധി, പാമ്പുകടി, പേവിഷബാധ, പശുപരിപാലനത്തിനിടയിൽ ഉണ്ടാകുന്ന മുറിവുകൾ/രോഗങ്ങൾ എന്നിവയുടെ ചികിത്സയ്ക്ക് 2000/- രൂപയും ധനസഹായമായി അനുവദിച്ച് വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ